

# കലൈഡോസ്കോപ്പ്

ജി. വി.എച്ച്.എസ്.എസ്. മക്കരപ്പറമ്പ



## ചരിത്രം

മക്കരപ്പറമ്പിന്റെയും പരിസരപ്രദേശങ്ങളുടെയും വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ എന്നും നേതൃത്വം നൽകിയ ഒരു സ്ഥാപനമാണ് മക്കരപ്പറമ്പ ഗവ: വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ. നിരവധി പ്രതിഭകൾക്ക് ജന്മം നൽകിയ ഈ സ്ഥാപനം ഇന്നും വിദ്യാഭ്യാസ മേഖലയിൽ തേജസ്സോടെ മാർഗ്ഗ ദീപം തെളിയിച്ചുകൊണ്ടിരിക്കുന്നു.

1968– ൽ ഹൈസ്ക്കൂൾ വിഭാഗവും 1993– ൽ വി.എച്ച.എസ്.ഇ. വിഭാഗവും 2004– ൽ ഹയർ സെക്കണ്ടറി വിഭാഗവും ആരംഭിച്ചു. ധാരാളം പരിമിതികൾക്കിടയിലും ഉന്നത വിജയം നേടുന്നതിന് ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഹൈസ്ക്കൂൾ വിഭാഗത്തിൽ 900 കുട്ടികളും വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ 145 കുട്ടികളും പ്ലസ് ടു വിഭാഗത്തിൽ 720 കുട്ടികളും ഇവിടെ പഠിക്കുന്നു. വി.എച്ച്.എസ്.ഇ യിൽ തൊഴിലധിഷ്ഠിത കോഴ്സുകളായി ഇ,സി.ജി., എം എൽ.ടി.,എൽ.എസ്.എം. എന്നിവ നടത്തപ്പെടുന്നു. നിരവധി പേർക്ക് സ്ഥിരം തൊഴിൽ ലഭ്യമാകുന്നതിന് ഈ കോഴ്സുകൾക്കു കഴിഞ്ഞിട്ടുണ്ട്. പ്ലസ് ടു വിഭാഗത്തിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റി വിഭാഗങ്ങളിലായി രണ്ടു ബാച്ചുകൾ വീതം നിലവിലുണ്ട്. മലപ്പുറം ജില്ലയിൽ ഉന്നത വിജയം നേടുന്ന ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഒന്നാണ് ഈ സ്ക്കൂൾ. കൂടാതെ കലാ–കായിക രംഗങ്ങളിലും മുമ്പിൽ നിൽക്കുന്നു. സബ് ജില്ലാ കലാമേളയിൽ വർങ്ങളായി ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ നിലനിർത്താൻ നമുക്കായിട്ടുണ്ട്. ജില്ലാ സംസ്ഥാന മേളകളിൽ നിരവധി വിദ്യാർത്ഥികൾക്ക് പങ്കെടുക്കുവാനും വിജയിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. സ്കൗട്ട്, ഗൈഡ്സ്,ജെ.ആർ.സി.,എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘങ്ങളും സജീവമായി വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. അടുത്ത കാലങ്ങളിലായി ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ ധാരാളം പുരോഗതി വരുത്തുവാൻ ഇവിടത്തെ പി.ടി.എ. കമ്മിറ്റിക്കു കഴിഞ്ഞിട്ടുണ്ട്.





## ഭൗതികസൗകര്യങ്ങൾ

3 ഏക്കർ ഭൂമിയിലായാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, എന്നീ വിഭാഗങ്ങൾക്ക് 9 കെട്ടിടങ്ങളിലായി 38 ക്ലാസ്സുമുറികൾ, 2 ഓഫീസുമുറികൾ, 4 സ്റ്റാഫ്റൂമുകൾ,2 ലൈബ്രറി റൂമുകൾ,6 ലബോറട്ടറികൾ, അടുക്കള എന്നിവ ഇവിടെയുണ്ട്. കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തരം നൽകുന്നു. ഹൈസ്ക്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ടു ലാബുകളിലുമായി മുപ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ടു ലാബുകളിലും ബ്രോഡ്ബാൻറ് ഇൻറർനെറ്റ് സൗകര്യം ലഭ്യമാണ്.

പി.ടി.എ കമ്മിറ്റിയുടെ പരിശ്രമത്തിന്റെ ഫലമാണ് ഒരു കോടിയുടെ എം.എൽ.എ ഫണ്ടിൽ നിർമ്മിച്ച ഹയർ സെക്കണ്ടറി ബ്ലോക്ക്. ഡിപ്പാർട്ട്മെൻറ് നിർമ്മിച്ച 50 ലക്ഷം രൂപ ചെലവിൽ വി.എച്ച്.എസ്.ഇ ബ്ലോക്കും നമുക്കു ലഭിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ പഞ്ചായത്ത്ഫണ്ടിൽ നിന്ന് സ്റ്റേജ് കം ക്ലാസ്സ് റൂം, ഓപ്പൺ ഓഡിറ്റോറിയം, മീറ്റിംഗ് ഹാൾ, ഗേൾസ് റെസ്റ്റ് റൂം എന്നിവയും ലഭിച്ചു. പ്രധാനകെട്ടിടത്തിന്റെ മേൽക്കൂര ചോർച്ച നേരിട്ടപ്പോൾ അതിനെ കവർ ചെയ്യുന്ന മറ്റൊരു മേൽക്കൂര നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിച്ചു.

കഥ

**ആയിഷ ഷിഫ**, 10C

# എന്നിലെ പ്രകാശം...

ഉന്നത മാർക്ക് നേടിയ വിദ്യാർത്ഥികൾ ചുറ്റുമുണ്ട്... എല്ലാവർക്കുമൊപ്പം തന്റെ രക്ഷിതാവ് കൂടിയുണ്ട്, ഞാൻ മാത്രമാണ് തനിച്ച്...!! ഉള്ളിൽ വല്ലാത്തൊരു നീറ്റൽ...

വേണ്ടായിരുന്നു, കഷ്ട്ടപ്പെട്ടു പഠിച്ചു നേടിയ എടുത്ത മാർക്ക് പോലും വേണ്ടായിരുന്നു എന്ന് തോന്നിപ്പോയി...

ആ ആൾക്കൂട്ടത്തിനിടയിലും ഞാൻ തനിച്ചായി പോയ പോലെ...

ഉള്ളിൽ നിറയുന്ന സങ്കടത്തോടെ ഞാനാ വേദിയിലിരുന്നു... പൊട്ടി വന്ന കരച്ചിലിനെ ശാസനയോടെ പിടിച്ചു നിർത്തി...

ഇല്ല, കരയില്ല... തോറ്റു പോകാനല്ല ഇത്രയും കഷ്ട്ടപ്പെട്ടു പൊരുതിയത് ഒന്നും...!

SSLC top സ്കോററിൽ ഒരാളാണ് ഞാൻ...+2 Top സ്കോർ നേടിയവർക്കാണ് ആദ്യ സമ്മാനം നൽകുന്നത്...

ഓരോരുത്തരെ ആയി വേദിയിലേക്ക് വിളിച്ചു സമ്മാനദാനം തുടങ്ങി... ട്രോഫിയും മെഡലും ആണ്... മെഡൽ സ്വന്തം parent ആണ് ഇട്ട് കൊടുക്കേണ്ടത്...

ഒരു നിമിഷം തറഞ്ഞു പോയി... എനിക്ക് ആര് ഇടും...? ആ വേദിയിലേക്ക് ഞാൻ തനിച്ചു കയറി ചെല്ലേണ്ടേ...?

ഓരോരുത്തരും സമ്മാനം വാങ്ങുമ്പോഴും മെഡൽ ഇട്ട് കൊടുക്കുമ്പോഴും അവരുടെ രക്ഷിതാവിന്റെ കണ്ണിലെ ആ തിളക്കം...

ആ ആനന്ദക്കണ്ണീർ നിറഞ്ഞ സന്തോഷം...

+2 വിൽ top സ്കോറിലും Best top score നേടിയ രണ്ട് കുട്ടികൾ ആണ്, ഫുൾ A+ with ഫുൾ മാർക്ക്... ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും... അവർക്ക് മാത്രം സംസാരിക്കാൻ ഉള്ള അവസരം എത്തി...

രണ്ടാളും സംസാരിച്ചത് നിറഞ്ഞ സന്തോഷത്തോടെ ആണ്... പെൺകുട്ടിക്ക് സംസാരത്തിനിടയിൽ കണ്ണ് നിറഞ്ഞിരുന്നു... അവൾ അവളുടെ parent നെ കുറിച്ചും പറഞ്ഞു... അതിനിടയിൽ എന്റെ പ്രിയപ്പെട്ട ഒരു അധ്യാപകന്റെ അടുത്ത് ചെന്നു... ആൾക്കാണ് ഓരോരുത്തരെ വിളിക്കേണ്ട ഡ്യൂട്ടി...
ഞാൻ പതിയെ കാര്യം അവതരിപ്പിച്ചു... ഇനി എന്നെ ആദ്യം വിളിക്കരുതെന്നും parent വന്നില്ലെന്നും പറഞ്ഞപ്പോ ആളിൽ ഒരു നിരാശ വന്നു...

"Parent എന്തെ വരാഞ്ഞേ...? എന്തെങ്കിലും അസുഗം ഉണ്ടാവും അല്ലെ... സാരമില്ല, ഡെസ്പ്പ് ആവണ്ട... ഞാൻ ശ്രദ്ധിക്കാം... " എന്റെ മുഖം മാറുന്നത് കണ്ടാവണം ആള് കൂടുതൽ ഒന്നും ചോദിക്കാതെ തിരികെ പോയി...

അവർ രംഗം ഒഴിഞ്ഞു, ഇനിയാണ് അടുത്തത്... എന്തോ വേദിയിലേക്ക് ചെല്ലണ്ടത് ഓർത്തപ്പോൾ തന്നെ ഒരു വിങ്ങൽ, അങ്ങോട്ട് ചെല്ലണ്ടന്ന് പോലും തോന്നിപ്പോയി...

ആദ്യം വിളിച്ചില്ലെങ്കിലും പ്രതീക്ഷിച്ചതിലും വേഗത്തിൽ എന്നെ വിളിച്ചു... ട്രോഫി വാങ്ങി, ഇനിയാണ് parent ന്റെ റോൾ... മെഡൽ...!!

എന്റെ കഴുത്തിൽ വീണ മെഡൽ കണ്ട് അത്ഭുതത്തോടെ ഞാൻ മിഴികൾ ഉയർത്തി നോക്കി... മുന്നിൽ ചിരിയോടെ എന്റെ പ്രിയപ്പെട്ട സാർ...

ജാബിർ സാർ...!
എന്റെ ചുണ്ടുകൾ മന്ത്രിച്ചു... ആളെന്നെ നോക്കി നിറഞ്ഞു ചിരിച്ചു കാണിച്ചു... ഞാനും അതിയായ സന്തോഷത്തോടെയും ആശ്വാസത്തോടെയും വേദിയിൽ നിന്നിറങ്ങി....

10th ലേക്ക് വരുമ്പോൾ എനിക്കും സംസാരിക്കാൻ അവസരം... രണ്ടും കൽപ്പിച്ചു കയറി ചെന്നു... വേദിയിൽ കയറി അവരിലെ ഓരോരുത്തരിലേക്കും എന്റെ നോട്ടം ചെന്നു...

"എന്താണ്... എങ്ങനെയാണ് ഇവിടെ പറയേണ്ടത് എന്നെനിക്ക് യാതൊരു നിശ്ചയവും ഇല്ല... നിങ്ങളുടെയൊക്കെ ഈ നിറഞ്ഞ സന്തോഷവും നിങ്ങടെ parent ന്റെ സ്നേഹവും സന്തോഷവും കാണുമ്പോൾ എനിക്കും സന്തോഷം തോന്നുന്നു, അതിനേക്കാൾ ഉപരി സങ്കടവും തോന്നുന്നു... എന്തിന്...?? അല്ലെ, ഞാൻ മുഴുവൻ മാർക്ക് നേടി സന്തോഷിക്കുന്ന ആളല്ലേ... അങ്ങനെ പറയാം, പക്ഷെ, നിങ്ങളെ ഓരോരുത്തരെയും കാണുമ്പോൾ അസൂയ തോന്നുന്നു... സങ്കടം തോന്നുന്നു... നിങ്ങള് ഓരോരുത്തർക്കുമൊപ്പം parent ഉണ്ട്... ഞാൻ... ഞാൻ ഇവിടെ തനിച്ചാണ്... അല്ല, കൂടെയുണ്ടാവും... പക്ഷെ, അദൃശ്യമാണ്, അവ്യക്തമാണ്...

നമുക്ക് exam ഒക്കെ കഴിഞ്ഞിട്ട് മാസങ്ങൾ ആയിരിക്കുന്നു അല്ലെ... എന്നിട്ടെന്തേ, സമ്മാനം നൽകാനും ഇത്രയും വൈകിയത്...?? ആ ഒരു കാര്യത്തിൽ എനിക്കൊരൽപം ഈർഷ്യ തോന്നുന്നുണ്ട്... ഒരുപക്ഷെ, ഒരൽപ്പം മുന്നേ ആയിരുന്നു ഇതെങ്കിൽ എന്റെ കൂടെയും ആള് ഉണ്ടായേനെ, അല്ലെങ്കിൽ ഇത് ഓടി ചെന്ന് കാണിക്കാൻ എനിക്കൊരാൾ ഉണ്ടായേനെ... ഇല്ല, എനിക്ക് വിധിയില്ല...

ഒരൽപ്പമേറെ സമയം ഞാൻ നിങ്ങളോട് സംവദിച്ചോട്ടെ...?"
എല്ലാവരും സമ്മതം അറിയിക്കുന്നത് ഞാൻ കണ്ടു... ഞാൻ ഒന്ന് പുഞ്ചിരിച്ചു കൊണ്ട് തുടങ്ങി...

"പത്തിൽ എത്തും മുമ്പ് തന്നെ എന്നിൽ വല്ലാത്ത പ്രതീക്ഷ ആയിരുന്നു എന്റെ മാതാപിതാക്കൾക്ക്... അവരുടെ പ്രതീക്ഷ കാണുമ്പോൾ അത് നഷ്ടം ആവരുത് എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു...

അവർക്ക് വേണ്ടി ഞാൻ കഷ്ടപ്പെട്ട് പഠിച്ചു... തുടക്കം മുതൽ തന്നെ...

മോഡൽ എക്സാമുകൾ നടക്കുന്ന സമയം... ഉമ്മയിൽ ഓരോ രോഗങ്ങൾ കണ്ടു വന്നു... വീട്ടിലെ ജോലികൾക്കിടയിൽ ഞാൻ പഠിക്കാൻ കൂടി കഷ്ടപ്പെടുമോ എന്നോർത്ത് വയ്യാത്ത അവസ്ഥയിലും ഉമ്മ എന്നെ സഹായിച്ചു...
ഞാൻ അറിഞ്ഞില്ല, ഉമ്മയ്ക്ക് പിടിപ്പെട്ട അസുഗം... അല്ലെങ്കിൽ അവരെന്നെ അറിയിച്ചില്ല ഒന്നും... എനിക്ക് വല്ലാത്ത ടെൻഷൻ തോന്നുമായിരുന്നു, അതായിരുന്നു അവരുടെ ഭയവും...

എല്ലാം എന്നിൽ നിന്ന് മറച്ചു വെച്ചു... വീണ്ടും ദിവസങ്ങൾ കൊഴിഞ്ഞു... ഉമ്മയിൽ ശക്തമായ തളർച്ച വന്നു തുടങ്ങി... ഉമ്മയെ ഒന്നിനും സമ്മതിക്കാതെ വീട്ടു ജോലികളും ഞാൻ തന്നെ ചെയ്തു... SSLC പരീക്ഷയോട് അടുത്ത സമയം എന്റെ പഠിത്തം തകരാതിരിക്കാൻ വേണ്ടി മാത്രം ഉമ്മ ക്ഷീണവും തളർച്ചയും ഒക്കെ എന്നിൽ മറച്ചു പിടിച്ചു എല്ലാ പണികളും ചെയ്തു... എക്സാമിനു പകുതിക്ക് വെച്ചു എന്നെയും അനിയനെയും കസിന്റെ വീട്ടിലേക്ക് മാറ്റി.. സ്വന്തം വീട്ടിൽ നടക്കുന്ന ഒന്നും അറിയാതെ ഞാൻ...

എക്സാം കഴിഞ്ഞു, റിസൾട്ട് വരുന്ന ദിവസം അതിനയുള്ള കാത്തിരിപ്പിൽ ആയിരുന്നു ഞാൻ, വീട്ടുകാരും... റിസൾട്ട് വന്ന നിമിഷം ഞാൻ ആദ്യം വിളിച്ചത് വീട്ടിലേക്ക് ആയിരുന്നു എന്റെ സന്തോഷം പറയാൻ... പക്ഷെ, ആരും ഫോൺ എടുത്തില്ല...!!

എന്ത് പറ്റി...? എന്താവും...!! ആകെ ടെൻഷൻ ആയിപ്പോയി ഞാൻ... അന്ന് തന്നെ നിർബന്ധം പിടിച്ചു വീട്ടിൽ വന്നപ്പോ ആരും വീട്ടിൽ ഇല്ല...

എന്റെ നിർബന്ധം കാരണം ഉമ്മ ഹോസ്പിറ്റലിൽ ആണെന്ന് അവർക്ക് പറയേണ്ടി വന്നു... ഉടനെ അങ്ങോട്ട് പോകണമെന്ന് ഞാൻ വാശി പിടിച്ചിരുന്നു... അവിടെ എത്തിയതും ഓടിച്ചെന്നു കാക്കു പറഞ്ഞിടത്തേക്ക്... പക്ഷെ, ഉമ്മയെ കാണാൻ ആയില്ല... ഉപ്പ ഒരിടത്ത് ഇരിക്കുന്നത് കണ്ടു... ഉമ്മാക്ക് സീരിയസ് ആണ് പോലും...

ഏകദേശം ഒരു മാസത്തോളം ഉമ്മ ആ കിടപ്പിൽ തന്നെ ആയിരുന്നു, ആരോഗ്യം എങ്ങനെ ആണെന്ന് വിലയിരുത്താൻ ആവാതെ...!!

രണ്ടാഴ്ചകൾ കൂടി കടന്നു പോയി... എല്ലാവരും അടിച്ചു പൊളിച്ച വക്കേഷൻ ആഘോഷിച്ചപ്പോൾ ഞാൻ എന്റെ വക്കേഷൻ ആ ഹോസ്പിറ്റലിൽ ഇരുന്ന് കരഞ്ഞു തീർത്തു...

ഉമ്മാടെ അവസ്ഥ കൂടുതൽ ഗുരുതരം ആയി കൊണ്ടിരുന്നു... വല്ലാത്ത ഒരു അവസ്ഥ ആയിരുന്നു, വിശപ്പോ ദാഹമോ ഉറക്കമോ ഇല്ലാത്ത ഒരു അവസ്ഥ...!

ഏകദേശം 2 മാസത്തെ ഹോസ്പിറ്റൽ വാസത്തിനൊടുവിൽ ഉമ്മ ഞങ്ങളെ വിട്ട് എന്നെന്നേക്കുമായി വേർ പിരിഞ്ഞു... ആ ദുഃഖം എനിക്ക് താങ്ങാവുന്നതിലും അപ്പുറം ആയ ഒന്നായിരുന്നു... ഉമ്മയെ അവസാനം ആയി കണ്ട ആ നിമിഷം ഒരിറ്റ് കണ്ണീർ എന്റെ കണ്ണിൽ നിന്നും പതിച്ചു, പിന്നെ കരഞ്ഞില്ല എന്തൊക്കെയോ പിറുപിറുത് ഉമ്മയെ വിളിച്ചു ഉണർത്താൻ നോക്കി... ഞാൻ ഡിപ്രേഷൻ സ്റ്റേജിലേക്ക് മാറുകയായിരുന്നു...

1 മാസത്തോളം ഞാൻ കൗൺസിലിങ്ങും കാര്യങ്ങളും മറ്റും ഒക്കെ ആയി കഴിഞ്ഞു പോയി... ക്ലാസ് തുടങ്ങി വൈകിയാണ് ഞാൻ പോയി തുടങ്ങിയത്..."
അവളൊന്ന് നിർത്തി മിഴികൾ തുടച്ചു വേദന കലർന്ന ഒരു പുഞ്ചിരി സമ്മാനിച്ചു...

"സമ്മാനങ്ങളും പരിദോഷണങ്ങളും ഒക്കെ ലഭിക്കുമ്പോൾ അത് കാണാൻ ഏറെ കൊതിച്ച വ്യക്തി ഈ ലോകത്ത് ഇല്ലെന്ന് ഓർക്കുമ്പോൾ ഒരു വിങ്ങലാണ്... എന്നിലെ മെഴുകുതിരി ഉരുകി തീർന്നു, പക്ഷെ, ആ മെഴുകുതിരി നൽകിയ പ്രകാശം ഇന്നും എന്നിലുണ്ട്...

ഉമ്മ, അതൊരു നിധിയാണ്... ആ നിധി നഷ്ട്ടപ്പെട്ടാൽ അന്ധകാരത്തിൽ ആയത് പോലെ തോന്നും, ചുറ്റും ശൂന്യത തളം കെട്ടും, ഒത്തിരി മാറും... ഇപ്പൊ എന്റെ ലൈഫിലെ പ്രകാശം അണഞ്ഞിരിക്കുന്നു...

ഒന്ന് മാത്രം പറഞ്ഞോട്ടെ, നഷ്ടപ്പെടുത്തരുത്... നഷ്ടപ്പെടുത്തിയാലും നഷ്ടപ്പെട്ടാലും ഒത്തിരി വേദനിക്കും..."

മൈക്ക് തിരികെ നൽകി അവൾ വേദിയിൽ നിന്ന് ദ്രുതിയിൽ ഇറങ്ങി നടന്നു...

Ninsha Rasheed, 8C

# Blind Goddesses

No one clearly seems
But the omniscient seeks
from a world whjere all grieve
with no hopes and leaves

All the events passes
with all evidence cleared
through she may be waiting
with her kind heart

Pwer in one side grown,
and poors are drawn
thour she rise with equality
and wont have a separate eye

Some one asked is she alive
But no one replayed of sure
All them live she will arrive
as the breath with them survive

The day of hope reached,
and everryone was hoped to
see the blind goddesses
where she arrived in justice

**ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ**







സ്‌ക്കൂൾ പാർലമെന്റ് 2024

